REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 25-10-2024** **സമയം 06.45 AM**

---

## പ്രധാന വാർത്തകൾ

- വയനാട് ലോക്സഭാ മണ്ഡലത്തിലും, പാലക്കാട്, ചേലക്കര നിയമസഭാ മണ്ഡലങ്ങളിലും നാമനിർദ്ദേശ പത്രികാ സമർപ്പണം ഉച്ചകഴിഞ്ഞ് സമാപിക്കും.
- രാഷ്ട്രപതി ദ്രൗപതി മുർമു ജസ്റ്റിസ് സഞ്ജീവ് ഖന്നയെ ഇന്ത്യയുടെ അടുത്ത ചീഫ് ജസ്റ്റിസായി നിയമിച്ചു.
- ജമ്മുകശ്മീരിൽ ഭീകരർ നടത്തിയ വെടിവെപ്പിൽ രണ്ട് സൈനികർക്ക് വീരമൃത്യു. രണ്ട് പോർട്ടർമാരും കൊല്ലപ്പെട്ടു.
- അതി തീവ്ര ചുഴലിക്കാറ്റ് 'ദാന' അർദ്ധരാത്രിയോടെ ഒഡീഷ തീരം കടന്നു. ഒഡീഷയിലും പശ്ചിമബംഗാളിലും കനത്ത കാറ്റും മഴയും.
- സംസ്ഥാനത്ത് ഇന്ന് നാല് ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും ഏഴ് ജില്ലകളിൽ മഞ്ഞ ജാഗ്രതയും പ്രഖ്യാപിച്ചു.
- ന്യൂസിലാന്റിനെതിരായ ആദ്യ വനിതാ ഏകദിന ക്രിക്കറ്റിൽ ഇന്ത്യയ്ക്ക് ജയം.

## വാർത്തകൾ വിശദമായി

**സംസ്ഥാനത്ത് ഉപതിരഞ്ഞെടുപ്പ് നടക്കുന്ന വയനാട് ലോക്സഭാ മണ്ഡലത്തിലും, പാലക്കാട്, ചേലക്കര നിയമസഭാ മണ്ഡലങ്ങളിലും നാമനിർദ്ദേശ പത്രികാ സമർപ്പണം ഇന്ന് സമാപിക്കും. മൂന്നു മുന്നണികളുടേതുൾപ്പെടെ പ്രമുഖരെല്ലാം ഇതിനകം പത്രിക നൽകി കഴിഞ്ഞു.**

പ്രചാരണം കൂടുതൽ ഊർജ്ജിതമായി. ദേശീയ- സംസ്ഥാന നേതാക്കൾ വരുംദിവസങ്ങളിൽ മണ്ഡലങ്ങളിൽ പ്രചാരണത്തിനെത്തും.

അടുത്ത മാസം 13 നാണ് വോട്ടെടുപ്പ്. 23 ന് വോട്ടെണ്ണും.

✪✪✪

മുന്നണി സ്ഥാനാർത്ഥികളുടെ പത്രികാ സമർപ്പണം പൂർത്തിയായതോടെ പാലക്കാട് നിയസഭാ മണ്ഡലത്തിലെ ഉപതെരഞ്ഞെടുപ്പ് പ്രചാരണം അടുത്ത ഘട്ടത്തിലേക്ക് കടന്നിരിക്കുകയാണ്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്.

.....(വോയ്സ്)............

✪✪✪

മഹാരാഷ്ട്ര നിയമസഭാ തിരഞ്ഞെടുപ്പിന് കോൺഗ്രസ് 48 സ്ഥാനാർത്ഥികളുടെ ആദ്യ പട്ടിക പ്രഖ്യാപിച്ചു. മുതിർന്ന നേതാവ് പൃഥ്വിരാജ് ചവാൻ കരാഡ് സൗത്ത് മണ്ഡലത്തിൽ മത്സരിക്കും.

NCP ശരത് പവാർ വിഭാഗം 44 സ്ഥാനാർത്ഥികളെയും പ്രഖ്യാപിച്ചിട്ടുണ്ട്.

✪✪✪

ജാർഖണ്ഡിൽ ആദ്യഘട്ട നിയമസഭാ തെരഞ്ഞെടുപ്പിനു നാമനിർദ്ദേശ പത്രിക സമർപ്പണം ഇന്ന് അവസാനിക്കും. നവംബർ 13 ന് ഈ ഘട്ടത്തിൽ 43 മണ്ഡലങ്ങളിൽ വോട്ടെടുപ്പ് നടക്കും.

✪✪✪

ജസ്റ്റിസ് സഞ്ജീവ് ഖന്നയെ ഇന്ത്യയുടെ അടുത്ത ചീഫ് ജസ്റ്റിസായി രാഷ്ട്രപതി ദ്രൗപതി മുർമു നിയമിച്ചു. ചീഫ് ജസ്റ്റിസ് DY ചന്ദ്രചൂഡുമായി കൂടിയാലോചിച്ച ശേഷമാണ് നിയമനമെന്ന് കേന്ദ്ര നിയമ മന്ത്രി അർജുൻ റാം മേഘ്‌വാൾ എക്സിൽ അറിയിച്ചു. നിലവിലെ ചീഫ് ജസ്റ്റിസ് DY ചന്ദ്രചൂഡ് അടുത്ത മാസം പത്തിന് വിരമിക്കും. 11 ന് ജസ്റ്റിസ് ഖന്ന സത്യപ്രതിജ്ഞ ചെയ്യും.

നിലവിൽ സുപ്രീം കോടതിയിലെ ഏറ്റവും മുതിർന്ന രണ്ടാമത്തെ ജഡ്ജിയാണ് ജസ്റ്റിസ് ഖന്ന. ഇന്ത്യയുടെ 51-ാമത് ചീഫ് ജസ്റ്റിസാകുന്ന അദ്ദേഹം, അടുത്ത വർഷം മെയ് 13 ന് വിരമിക്കും.

ജസ്റ്റിസ് സഞ്ജീവ് ഖന്നയെ 2019 ജനുവരി 18-നാണ് സുപ്രീം കോടതി ജഡ്ജിയാക്കിയത്. നിരവധി സുപ്രധാന വിധികൾ എഴുതിയ ജസ്റ്റിസ് ഖന്ന സുപ്രീം കോടതിയിൽ ഒന്നിലധികം ഭരണഘടനാ ബെഞ്ചുകളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്.

✪✪✪

കഴിഞ്ഞ 75 വർഷമായി സുപ്രീം കോടതി യഥാർത്ഥ ജനകീയ കോടതിയായി മാറിയെന്ന് ചീഫ് ജസ്റ്റിസ് D.Y ചന്ദ്രചൂഡ് പറഞ്ഞു. സുപ്രീം കോടതി ജനങ്ങളുടെ കോടതിയായി പ്രവർത്തിക്കുന്ന ഈ സവിശേഷ കാഴ്ചപ്പാട് ലോകത്ത് മറ്റൊരിടത്തും ഇല്ലെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

സുപ്രീം കോടതിയുടെ 75-ാം വാർഷികത്തോടനുബന്ധിച്ച് ആകാശവാണി ന്യൂസിന് നൽകിയ പ്രത്യേക അഭിമുഖത്തിൽ, ആകാശവാണിയിലെ അവതാരകനെന്ന നിലയിൽ തന്റെ സ്മരണകൾ ഉൾപ്പെടെ വിവിധ വിഷയങ്ങളെക്കുറിച്ച് വീക്ഷണങ്ങൽ ചീഫ് ജസ്റ്റിസ് പങ്കുവെച്ചു.

✪✪✪

ജമ്മുകശ്മീരിലെ ബാരാമുള്ള ജില്ലയിലെ ഗുൽ മാർഗിൽ സൈനിക വാഹനത്തിനു നേരെ ഭീകരർ നടത്തിയ വെടിവെപ്പിൽ രണ്ട് സൈനികർ വീരമൃത്യു വരിച്ചു. സംഭവത്തിൽ രണ്ട് പോർട്ടർമാരും കൊല്ലപ്പെട്ടതായാണ് റിപ്പോർട്ട്. മൂന്നു സൈനികർക്ക് പരിക്കേറ്റു.

കശ്മീർ താഴ്വരയിൽ ഒരാഴ്ചയ്ക്കിടെ രണ്ടാമത്തെ ഭീകരാക്രമണമാണിത്. ഒരു ഡോക്ടറും ആറു തൊഴിലാളികളും ബുദ്ഗാം ജില്ലയിൽ നേരത്തെ കൊല്ലപ്പെട്ടിരുന്നു .

✪✪✪

ഭൂമി തരം മാറ്റം അദാലത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി K.രാജൻ ഇന്ന് കാഞ്ഞങ്ങാട്ട് നിർവ്വഹിക്കും.

കാസർകോട് ജില്ലാതല പട്ടയമേളയും പട്ടയ വിതരണവും രാവിലെ മന്ത്രി കാസർകോട്ട് മറ്റൊരു ചടങ്ങിൽ ഉദ്ഘാടനം ചെയ്യും. 683 ലാന്റ് ട്രിബ്യൂണൽ പട്ടയങ്ങളുൾപ്പെടെ 906 പട്ടയങ്ങൾ വിതരണം ചെയ്യും.

✪✪✪

**വിലങ്ങാട് പുനരധിവാസത്തിന്റെ മുന്നോടിയായി ദുരിതബാധിതരുടെ പട്ടിക ഉടൻ പ്രസിദ്ധീകരിക്കുമെന്ന് മന്ത്രി K രാജൻ അറിയിച്ചു. ഇക്കാര്യത്തിൽ പ്രദേശവാസികളുടെ അഭിപ്രായങ്ങൾ കൂടി പരിഗണിച്ച് അന്തിമ തീരുമാനം കൈക്കൊള്ളുമെന്നും മന്ത്രി പറഞ്ഞു.**

**പുനരധിവാസ പദ്ധതിയുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളുടെ പുരോഗതി കോഴിക്കോട് ജില്ലാ കലക്ടറുമായി അവലോകനം ചെയ്ത ശേഷം സംസാരിക്കുകയായിരുന്നു മന്ത്രി.**

✪✪✪

**ഗോവയിൽ അടുത്ത മാസം 20 മുതൽ 28 വരെ നടക്കുന്ന 55-ാമത് ഗോവ അന്താരാഷ്ട്ര ചലച്ചിത്ര മേളയിൽ പ്രധാന വിഭാഗമായ ഇന്ത്യൻ പനോരമയിൽ, പ്രദർശിപ്പിക്കുന്ന 25 ഫീച്ചർ ഫിലിമുകളുടെയും 20 നോൺ-ഫീച്ചർ ഫിലിമുകളുടെയും പട്ടിക പ്രഖ്യാപിച്ചു. രൺദീപ് ഹൂഡ സംവിധാനം ചെയ്ത് നായകനായി അഭിനയിച്ച "സ്വതന്ത്ര വീർ സവർക്കറാണ് ഉദ്ഘാടന ചിത്രം.**

**മലയാളത്തിൽ നിന്ന് ആട് ജീവിതം, ഭ്രമയുഗം, ലെവൽക്രോസ് എന്നിവയാണ് ഇന്ത്യൻ പനോരമയിലെ ഫീച്ചർ വിഭാഗത്തിൽ പ്രദർശിപ്പിക്കുന്നത്. മുഖ്യധാരാ സിനിമാ വിഭാഗത്തിൽ മഞ്ഞുമ്മൽ ബോയ്സ് പ്രദർശിപ്പിക്കും.**

✪✪✪

**അതി തീവ്ര ചുഴലിക്കാറ്റ് 'ദാന' അർദ്ധരാത്രിയോടെ ഒഡീഷ തീരത്ത് ഭിതാർകനിക നാഷണൽ പാർക്കിനും ധമ്ര തുറമുഖത്തിനും ഇടയിൽ കര തൊട്ടു. മണിക്കൂറിൽ 120 കിലോമീറ്റർ വേഗത്തിലായിരുന്നു അതിതീവ്ര ചുഴലിക്കാറ്റ് കരയിൽ പ്രവേശിച്ചതെന്ന് ഭുവനേശ്വർ കാലാവസ്ഥാ കേന്ദ്രം അറിയിച്ചു.**

**ഡെസ്ക്ക് റിപ്പോർട്ട്**

**....(വോയ്സ്)...........**

**ചുഴലിക്കാറ്റ് ഇപ്പോൾ വടക്കൻ ഒഡീഷ, പശ്ചിമ ബംഗാൾ തീരത്തേക്ക് നീങ്ങുകയാണെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ഒരു ചുഴലിക്കാറ്റായി ദുർബലമാകുന്നതിന് മുമ്പ് മൂന്ന് മുതൽ നാലു മണിക്കൂർ വരെ തീവ്രത നിലനിർത്തും. , ഭദ്രക്, കേന്ദ്രപാര,**

ജില്ലകളിൽ അതിശക്തമായ കാറ്റിനൊപ്പം കനത്ത മഴയും പെയ്യുന്നതായാണ് റിപ്പോർട്ട്. മയൂർഭഞ്ച്, കട്ടക്ക്, ജാജ്പൂർ, ബാലസോർ, ജഗത്സിംഗ്പൂർ ജില്ലകളിലും സമീപ പ്രദേശങ്ങളിലും കനത്ത മഴ ലഭിക്കുന്നുണ്ട്.

അപകടസാധ്യത പ്രദേശങ്ങളിലെ താമസക്കാരുടെ സുരക്ഷ ഉറപ്പാക്കാൻ അടിയന്തര പ്രതികരണ പ്രോട്ടോക്കോളുകൾ സജീവമാക്കി പ്രാദേശിക അധികാരികൾ അതീവ ജാഗ്രതയിലാണ്. 6 ലക്ഷത്തിലധികം ആളുകളെ ഒഴിപ്പിച്ച് ചുഴലിക്കാറ്റ് ഷെൽട്ടറുകളിലേക്ക് മാറ്റി.

✪✪✪

ദാന ചുഴലിക്കാറ്റ് തീരം തൊട്ടതോടെ പശ്ചിമ ബംഗാളിലും ശക്തമായ കാറ്റോടെ മഴ പെയ്യുകയാണ്. കാര്യമായ സംഭവങ്ങളൊന്നും ഇതുവരെ റിപ്പോർട്ട് ചെയ്തിട്ടില്ല.

മുഖ്യമന്ത്രി മമത ബാനർജി സംസ്ഥാന സെക്രട്ടേറിയറ്റ് നബന്നയിൽ സ്ഥിതി നിരീക്ഷിക്കുന്നുണ്ട്.

✪✪✪

സംസ്ഥാനത്ത് ഇന്ന് നാല് ജില്ലകളിൽ അതിശക്തമായ മഴയും ഏഴ് ജില്ലകളിൽ ശക്തമായ മഴയും ലഭിക്കുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. അതിശക്തമായ മഴയ്ക്ക് സാധ്യത കണക്കിലെടുത്ത് കോട്ടയം, എറണാകുളം, ഇടുക്കി, തൃശ്ശൂർ ജില്ലകളിൽ ഓറഞ്ചു ജാഗ്രത പ്രഖ്യാപിച്ചു. വയനാട്, കണ്ണൂർ, കാസർക്കോട് ഒഴികെ ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്. തിങ്കളാഴ്ച വരെ മഴ തുടരും.

കേരള - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മണിക്കൂറിൽ 55 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിന് സാധ്യതയുണ്ടെന്നും മൽസ്യ തൊഴിലാളികൾ കടലിൽ പോകരുതെന്നും മുന്നറിയിപ്പുണ്ട് .

✪✪✪

സ്ക്രബ് ടൈഫസ് എന്ന ചെള്ള് പനി രോഗം റിപ്പോർട്ട് ചെയ്ത കണ്ണൂർ മട്ടന്നൂർ ഇല്ലം മൂലയിൽ മെഡിക്കൽ സംഘം സന്ദർശനം നടത്തി. കഴിഞ്ഞ ദിവസം മരിച്ച 64 കാരനാണ് ചെള്ള് പനി സ്ഥിരീകരിച്ചത്.

വിശദാംശങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി K.O ശശിധരൻ.

.........(വോയ്സ് ).........

✪✪✪

ഇന്ത്യ-ന്യൂസിലാന്റ് വനിതാ ക്രിക്കറ്റ് ഏകദിന പരമ്പരയിലെ ആദ്യ മത്സരത്തിൽ ഇന്ത്യയ്ക്ക് 59 റൺസ് വിജയം. ആദ്യം ബാറ്റു ചെയ്ത ഇന്ത്യ ഉയർത്തിയ 228 റൺസ് വിജയലക്ഷ്യം പിന്തുടർന്ന ന്യൂസിലാന്റ് 40.4 ഓവറിൽ 168 റൺസടുത്തു പുറത്തായി.

അഹമ്മദാബാദിൽ ഞായറാഴ്ചയാണ് പരമ്പരയിലെ രണ്ടാം മത്സരം.

✪✪✪

സൂപ്പർ ലീഗ് കേരള ഫുട്ബോളിൽ ഇന്ന് തിരുവനന്തപുരം കൊമ്പൻസ് FC, ഫോഴ്സ കൊച്ചി FC യെ നേരിടും. തിരുവനന്തപുരം ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിൽ രാത്രി 7.30 നാണ് മത്സരം. സെമിയിൽ ഇടം നേടാൻ ഇരുടീമുകൾക്കും ഇന്നത്തെ മത്സരം നിർണായകമാണ്.

16 പോയിന്റ് ലഭിച്ച കോഴിക്കോട് FC മാത്രമാണ് സെമി ഉറപ്പിച്ച ഏക ടീം.

✪✪✪

ലക്നൗവിൽ ദേശീയ സീനിയർ വുമൻസ് ട്വന്റി 20 ട്രോഫിയിൽ സിക്കിമിനെതിരെ കേരളത്തിന് ഉജ്ജ്വല വിജയം.

പത്ത് വിക്കറ്റിനാണ് കേരളം സിക്കിമിനെ തോല്പിച്ചത്. 74 റൺസ് ലക്ഷ്യവുമായി മറുപടി ബാറ്റിങ്ങിന് ഇറങ്ങിയ കേരളം പത്താം ഓവറിൽ വിജയം സ്വന്തമാക്കി.

✪✪✪

കേരള ഫയർ ആൻഡ് റെസ്ക്യൂ സർവീസസ്, ഹോം ഗാർഡ്സ് , സിവിൽ ഡിഫെൻസ് സംസ്ഥാന കായികമേളക്ക് ഇന്ന് കോഴിക്കോട്ട് തുടക്കമാവും.

ആയിരത്തോളം കായിക താരങ്ങൾ മൂന്ന് ദിവസത്തെ മേളയിൽ പങ്കെടുക്കും. അഗ്നിരക്ഷാ സേനയിൽ വനിതകൾക്ക് ഫയർ വുമൺ ആയി നിയമനം നൽകിയ ശേഷം ആദ്യമായി നടക്കുന്ന സംസ്ഥാന മേളയാണിത്. എക്സിക്യൂട്ടീവ് വിഭാഗം വനിതകൾ പങ്കെടുക്കുന്ന

ആദ്യ ഫയർ സർവീസ് കായിക മേളയെന്ന പ്രത്യേകതയും ഇത്തവണ മേളക്കുണ്ട്. അഗ്നി രക്ഷാ സേനയുടെ ഭാഗമായ ഹോം ഗാർഡുകളും, സിവിൽ ഡിഫെൻസും പങ്കെടുക്കുന്ന ആദ്യ മീറ്റ് എന്ന പ്രത്യേകതയും ഉണ്ട്.

✪✪✪

പാലക്കാട് ജില്ലാ സ്കൂൾ കായികമേളയിൽ 288 പോയിന്റുകളുമായി പറളി ഉപജില്ല ജേതാക്കളായി. കൊല്ലങ്കോട് ഉപജില്ലക്കാണ് രണ്ടാം സ്ഥാനം.പാലക്കാട് ഉപജില്ല മൂന്നാമതും എത്തി. സ്കൂൾ തലത്തിലും പറളി ഹൈസ്കൂളാണ് കിരീടം സ്വന്തമക്കിയത്.മുണ്ടൂർ ഹയർ സെക്കന്ററി സ്കൂളിനാണ് രണ്ടാം സ്ഥാനം.

✪✪✪

കോഴിക്കോട് റവന്യു ജില്ല ശാസ്ത്രോത്സവത്തിന് ഇന്ന് കുന്നമംഗലത്ത് തുടക്കമാകും. കുന്നമംഗലം ഹൈസ്കൂളും മർക്കസ്സ് സ്കൂളുകളുമാണ് വേദികൾ.

✪✪✪

ക്ഷീര കർഷകർക്ക് മികച്ച സേവനങ്ങൾ ലഭ്യമാക്കാൻ ആധുനിക സൗകര്യങ്ങൾ നടപ്പിലാക്കി വരികയാണെന്ന് മന്ത്രി ജെ.ചിഞ്ചുറാണി അറിയിച്ചു.

കണ്ണൂർ പത്തായക്കുന്ന് വെറ്ററിനറി സബ് സെന്റർ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. പശുക്കളുടെ സമഗ്ര വിവരങ്ങൾ അറിയാൻ ടാഗ് ചെയ്യുന്ന സംവിധാനം നടപ്പിലാക്കി വരുന്നതായും മന്ത്രി പറഞ്ഞു. ആശുപത്രികളിൽ ക്ഷീര കർഷകർക്ക് ഡോക്ടറുടെ സേവനം ലഭിക്കാൻ ഓൺലൈൻ സൗകര്യം ലഭ്യമാക്കുന്നുണ്ടെന്നും മന്ത്രി പറഞ്ഞു.

✪✪✪

ക്ഷീര കർഷകർക്ക് മികച്ച സേവനങ്ങൾ ലഭ്യമാക്കാൻ ആധുനിക സൗകര്യങ്ങൾ നടപ്പിലാക്കി വരികയാണെന്ന് മന്ത്രി ജെ.ചിഞ്ചുറാണി അറിയിച്ചു.

കണ്ണൂർ പത്തായക്കുന്ന് വെറ്ററിനറി സബ് സെന്റർ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. പശുക്കളുടെ സമഗ്ര വിവരങ്ങൾ അറിയാൻ ടാഗ് ചെയ്യുന്ന സംവിധാനം നടപ്പിലാക്കി വരുന്നതായും മന്ത്രി പറഞ്ഞു.

ആശുപത്രികളിൽ ക്ഷീര കർഷകർക്ക് ഡോക്ടറുടെ സേവനം ലഭിക്കാൻ ഓൺലൈൻ സൗകര്യം ലഭ്യമാക്കുന്നുണ്ടെന്നും മന്ത്രി പറഞ്ഞു.

✪✪✪

മൻ കി ബാത്തിൽ പ്രധാനമന്ത്രി അഭിനന്ദിച്ച സുബ്രഹ്മണ്യനെ കോഴിക്കോട് ജില്ലാ ശുചിത്വ മിഷന്റെ നേതൃത്വത്തിൽ ആദരിച്ചു. ജില്ലാ കലക്ടർ സ്നേഹിൽ കുമാർ സിങ് സുബ്രമണ്യന് അനുമോദന പത്രം നൽകി. വർഷങ്ങളായ് കസേര മെടയൽ ജോലിയായി സ്വീകരിച്ച് ഇതിനകം23,000 വള്ളികസേരകൾ നന്നാക്കിയ ഒളവണ്ണ സ്വദേശി സുബ്രമണ്യനെ ട്രിപ്പിൾ ആർ ചാമ്പ്യൻ എന്നാണ് പ്രധാനമന്ത്രി നരേന്ദ്രമോദി മൻ കി ബാത്ത് റേഡിയോ പ്രക്ഷേപണത്തിൽ വിശേഷിപ്പിച്ചത്.

ശാസ്ത്രീയ ശുചിത്വ പരിപാലനത്തിന് മാതൃകയായ സ്ഥാപനങ്ങൾക്ക് ശുചിത്വ മിഷൻ അഭിനന്ദനപത്രവും ചടങ്ങിൽ കൈമാറി. കോഴിക്കോട് പ്രൊവിഡൻസ് വുമൺസ് കോളേജ്, MVR ക്യാൻസർ സെന്റർ, CRC കേരള എന്നീ സ്ഥാപനങ്ങളെയാണ് അനുമോദന പത്രം നൽകി ആദരിച്ചത്.

✪✪✪